പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 27 08.06.2015 -ൽ മറുപടിയ്ക്ക്

ഹോട്ടൽമുറികളിലെ മദ്യവിൽപ്പന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിലെ മുറികൾ മിനി ബാറുകളാക്കി മാറ്റി, സെക്കൻഡ്സ് മദ്യവിൽപ്പന നടത്തി വരുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മദ്യലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ /വൈൻ പാർലറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തിവരുന്നുണ്ട്. ടി സ്ഥാപനങ്ങൾ നിയമാനുസരണമല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയാൽ കർശന നിയമ നടപടികൾസ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സംസ്ഥാനത്തിന് പുറത്തുനിന്ന് സ്പിരിറ്റ് അനധികൃതമായികൊണ്ടുവരുന്നതായി അറിയാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിനെതിരെ സർക്കാർതല നടപടികൾ ഒന്നും ഇല്ലാത്തതിനാൽ എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ഫലപ്രദമായ രീതിയിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തിനകത്തേയ്ക്ക് സ്പിരിറ്റ് അനധികൃതമായി കടത്തിക്കൊണ്ട് വരുന്നത് തടയുന്നതിനായി ചെക്ക് പോസ്റ്റുകളിൽ വാഹന പരിശോധന കർശനമാക്കുകയും റെഡ് അലർട്ട് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വാഹനപരിശോധനയും കർശനമാക്കിയിട്ടുണ്ട്. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിവരം ലഭിക്കുന്ന ഉടൻ തന്നെ ആവശ്യമായ നടപടി സ്വീകരിക്കുവാൻ സ്ട്രൈക്കിംഗ്ഫോഴ്സസ്, കൺട്രോൾ റൂം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മദ്യം വിറ്റഴിക്കുന്നതിന് ഹോട്ടലുകളിലെ മുറികൾ മിനി ബാറുകളാക്കി മാറ്റിയിട്ടും എക്സൈസ് അധികൃതരോ സർക്കാരോ ഇടപെടാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഹോട്ടൽ മുറികൾ മിനി ബാറുകളായി മാറ്റിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസ് സ്ഥാപനങ്ങളിൽ എക്സൈസ് വകുപ്പ് കർശന പരിശോധനകൾ നടത്തി വരുന്നുണ്ട്. സർക്കാരിന്റെ മദ്യനയത്തിന്റെ ഭാഗമായി ബാർ ലൈസൻസ് നഷ്ടപ്പെട്ട ചില ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ടി സ്ഥാപനങ്ങളിൽ ഏതെങ്കിലും തരത്തിൽ വീര്യം കൂടിയ മദ്യം വിറ്റഴിക്കുന്നുണ്ടോ എന്നറിയുന്നതിനായി പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻഓഫീസർ